بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 05.09.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*05.09.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## യു. കെ. വാർഷിക സമ്മേളനത്തിൽ അല്ലാഹുവിൽ നിന്നിറങ്ങിയ അനുഗ്രങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ വിവരണം.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ പറഞ്ഞു: اَلْحَمْدُ لِلّٰهِ കഴിഞ്ഞയാഴ്ച യു.കെ.ജൽസ സാലാന നടക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്തോഷത്തോടെ ജൽസ അതിന്റെ അനുഗ്രഹത്താൽ നമുക്ക് ഉപകാരം ചെയ്യുകയും അതിൽ പങ്കെടുത്തവരും ലോകമെങ്ങും ഇരുന്നവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കാണുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തു. കണ്ടുമുട്ടുന്ന ഓരോരുത്തരും നിരവധി എഴുത്തുകാരും പറയുകയും എഴുതുകയും ചെയ്തത്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ കാര്യത്തിലും ഇപ്രാവശ്യം ഉയർച്ചയുണ്ടായിരുന്നുവെന്നാണ്. പ്രസംഗകരുടെ പ്രസംഗങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ മികച്ചതും വൈജ്ഞാനികവും ആത്മീയവുമായ നിലയിൽ തയ്യാറെടുത്തുകൊണ്ടുള്ളതുമായിരുന്നു.

ജൽസയ്ക്കുശേഷമുള്ള ഖുത്ബയിൽ ജൽസയിലുണ്ടായ അനുഗ്രഹങ്ങളേയും അല്ലാഹുവിന്റെ ഫള്ലുകളേയും അവന്റെ സഹായങ്ങളേയും കുറിച്ചാണ് പറഞ്ഞു വരാറുള്ളത്. അതിഥികളുടെ പ്രതികരണങ്ങളും വിവരിക്കാറുണ്ട്. ഇപ്രകാരംതന്നെ പ്രവർത്തകർക്ക് നന്ദിയും പറയുന്നു. ജൽസ ഏർപാടുകളിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടെങ്കിൽ അതും പറയുന്നു. എന്തായാലും ഇതിനെ സംബന്ധിച്ചാണ് ഇന്ന് ചില കാര്യങ്ങൾ പറയുന്നത്.

ദൈവാനുഗ്രഹത്താൽ സൗഭാഗ്യവാന്മാരിൽ നല്ല സ്വാധീനം ചെലുത്തുന്നതാണ് ജൽസയുടെ അന്തരീക്ഷം. അനഹ്മദികളും അമുസ്ലീംകളുമായിട്ടുള്ള ചിലർ ജൽസയിൽ പങ്കെടുക്കുന്നത്, അഹ് മദികൾ അവരോട് പറയുന്ന ജൽസയുടെ അനുഗ്രഹങ്ങൾ എത്രമാത്രം ശരിയാണെന്നും അതിൽ എത്രമാത്രം യാഥാർഥ്യമുണ്ടെന്നും നോക്കിക്കാണുന്നതിനുവേണ്ടിയാണ്. ഈ അന്യരായിട്ടുള്ളവർ ഇവിടെ വന്ന് ജൽസയിൽ പങ്കെടുക്കുമ്പോൾ മിക്കവരും പറയാറുള്ളത് ഞങ്ങളോട് ജൽസയെക്കുറിച്ച് പറയപ്പെട്ടതിനെക്കാൾ കൂടുതൽ ഞങ്ങൾക്ക് ദർശിക്കാൻ കഴിഞ്ഞുവെന്നാണ്. ചിലരിൽ അത് എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന് വെച്ചാൽ, അവർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നു.....പങ്കെടുത്ത ചിലയാളുകളുടെ പ്രതികരണങ്ങൾ ഞാൻ പറയുന്നതാണ്.എന്നാൽ, ഈ ബയ്അത്ത് ചെയ്തവരുടെ പ്രതികരണമാണ് ഞാൻ ആദ്യം പറയുന്നത്. അവർ ജൽസാ ഗാഹിലല്ല ബയ്അത്ത് ചെയ്തത്, ഇന്നലെ ഇവിടെവെച്ചാണ്. അവരിൽ ഒരു സഹോദരൻ ഗ്വാട്ടിമാല (Guatemala) വാസിയാണ്. സമീഅ് ഖാദിർ സാഹിബ്. അദ്ദേഹത്തിന് ഉർദുമായിട്ടാണ് ബന്ധം. തൊഴിലു സംബന്ധമായിട്ട് അവിടെയാണ് താമസം. അദ്ദേഹം പറയുന്നു: "നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ) നമ്മളിൽ ഉണ്ടാക്കാനാഗ്രഹിച്ചിരുന്ന പരസ്പര സാഹോദര്യബന്ധത്തിന്റേയും സ്നേഹത്തിന്റേയും കർമപരമായ രൂപം ഞാൻ ജൽസയിൽ കാണുകയുണ്ടായി. ജൽസ സാലാനയുടെ ഉന്നതമായ ഒരുക്കങ്ങൾ, അച്ചടക്കം, സ്നേഹിതന്മാരുടെ ആത്മാർഥതയും കൂറും പരസ്പരമുള്ള സഹതാപവും സാഹോദര്യത്തിന്റെ വികാരങ്ങളും എന്നെ ഒരുപാട് ആകർഷിച്ചു. സത്യവിശ്വാസികളുടെ പരസ്പരമുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഉദാഹരണം ഒരു ഭാഗത്ത് പ്രയാസമുണ്ടായാൽ മറ്റു ഭാഗങ്ങളിലും അത് അനുഭവപ്പെടുന്ന ശരീരംപോലെയാണെന്ന് പറഞ്ഞിട്ടുള്ള പരിശുദ്ധഹദീഥിന്റെ കർമപരമായ ചിത്രം ഞാൻ ഇവിടെ കണ്ടു." പിന്നീട് അദ്ദേഹം പറയുന്നു: 'അല്ലാഹു ജൽസയ്ക്കുവേണ്ടി പ്രവർത്തിച്ചവർക്ക് നല്ല പ്രതിഫലം നല്കുമാറാകട്ടെ.'

ഇതുപ്രകാരംതന്നെ കോസ്റ്ററിക്ക(Costa Rica) യിൽനിന്ന് വന്ന ഒരു സംഘത്തിലെ ഹൈദർ സബീലിയാ സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഉന്നതമായ ഒരുക്കങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഓരോ അംഗത്തേയും ഏല്പിച്ചിരുന്ന ഡ്യൂട്ടികൾ ആത്മാർഥതയോടെ അവർ നിർവഹിച്ചിരുന്നത് ഏറ്റവും കുടുതൽ എന്നെ സ്വാധീനിച്ചു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ആളുകളുമായി കണ്ട്, അവരുമായി സംസാരിച്ച് പരസ്പരം അഭിപ്രായങ്ങൾ കൈമാറി വളരെ സന്തോഷിച്ചു. ജൽസയിൽ പങ്കെടുത്തതുകൊണ്ട് യഥാർഥ ഇസ്ലാമിലേക്ക് എനിക്ക് കൂടുതൽ ശ്രദ്ധയുണ്ടായി. എന്റെ ആത്മാർഥതയും ഈമാനും വർധിച്ചു. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങളും ഉപദേശങ്ങളും മാർഗനിർദേശങ്ങളും ശിയാ സുന്നി എന്ന വകഭേദം കൂടാതെ എല്ലാ മുസ്ലീംകൾക്കും വേണ്ടിയുള്ളതാണ്.

കോസ്റ്ററിക്ക(Costa Rica) യിൽനിന്നുള്ള ഡയാന നഈമ സാഹിബ പറയുന്നു: "ജൽസയിൽ പങ്കെടുത്തത് അപൂർവമായൊരു അനുഭവമായിരുന്നു. ലോകത്തിലെ വിവിധരാജ്യങ്ങളിൽ നിന്നെത്തിയ വിവിധ ജനവിഭാഗക്കാരും വംശജരുമായിട്ടുള്ള ആളുകളുടെ പരസ്പരമുള്ള സ്നേഹവും സന്തോഷവും എന്റെ മനസ്സിനെ അഗാധമായി സ്വാധീനിച്ചു. ഈ അന്തരീക്ഷം എന്നെ നബി(സ)തിരുമേനിയുടെ കാലഘട്ടം

ഓർമിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിപ്പെടുമെന്ന് എനിക്കു ദൃഢവിശ്വാസമുണ്ട്. അതുമുഖേന ഇസ്‌ലാമിന്റെ സ്നേഹനിർഭരമായ സന്ദേശം വ്യാപിച്ചുകൊണ്ടിരിക്കും.......” ഇസ്‌ലാമിന്റെ മനോഹരമായ സന്ദേശം നല്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, മറ്റുള്ളവരുടെ വിഴുപ്പലക്കുന്നതിനും ആരെയെങ്കിലും വിമർശിക്കുന്നതിനും മുതിരാതെ ജനങ്ങളെ ഏകത്വത്തിൽ സംഘടിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വരുന്ന ഓരോരുത്തരും അതിന്റെ സ്നേഹത്തിന്റേയും പ്രേമത്തിന്റേയും ദൃശ്യം കാണുന്നു. പരസ്പരമുള്ള പെരുമാറ്റവും മറ്റുള്ളവരോടുള്ള പെരുമാറ്റവും ഈ യഥാർഥ ഇസ്‌ലാമിന്റെ മാതൃക കണ്ടിട്ട് അതിന്റെ ഭാഗമാകാൻ ഓരോരുത്തരേയും നിർബന്ധിതരാക്കുന്നു. അല്ലെങ്കിൽ കുറഞ്ഞ പക്ഷം ഇസ്‌ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾ ജൽസയിൽ പങ്കെടുത്ത കാരണത്താൽ അവരിൽനിന്ന് മാഞ്ഞു പോകുന്നു. ഈ ദൃശ്യങ്ങൾ എക്കാലത്തും അല്ലാഹു നമ്മെ കാണിച്ചുകൊണ്ടിരുന്നു, ഇപ്പോഴും കാണിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമികാധ്യാപനം ഒരിക്കലും പഴഞ്ചനായിട്ടില്ലെന്നും അല്ലാഹുവിന്റെ സഹായഹസ്തങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ മീതെനിന്ന് എടുക്കപ്പെട്ടിട്ടില്ലെന്നുമുള്ളതിന്റെ തെളിവുമാണിത്..............

ഏതൊന്നാണോ നാം കാണുന്നത് അതൊരിക്കലും മനുഷ്യശ്രമങ്ങൾ കൊണ്ടുണ്ടാകുകയില്ല. ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നു, ജൽസയുടെ അന്തരീക്ഷം നിശബ്ദമായ തബ്‌ലീഗാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയും ഓരോ പ്രവർത്തകനും നിശബ്ദനായ മുബല്ലിഗാണ്. നിശബ്ദമായി എല്ലാ പ്രവർത്തനങ്ങളും ഒരു ധാരയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ദൃശ്യം അന്യരായ അതിഥികൾ കാണുന്നു. ഒരിടത്തും ഒരു ലഹരിയോ ഒരു ബഹളമോ, കോപതാപമോ, കഠിനമായ വാക്കുകളോ ഒന്നും കാണാൻ കഴിയുന്നില്ല. പ്രത്യുത എങ്ങും പുഞ്ചിരിതൂകുന്ന മുഖങ്ങളാണ് ദൃശ്യമാകുന്നത്. ചെറിയ കുട്ടികൾ മുതൽ വൃദ്ധർ പുരുഷന്മാർ സ്ത്രീകൾ എല്ലാവരും സേവനത്തിന്റെ വികാരത്താൽ നിർഭരരായിരുന്നു. തങ്ങളുടെ ജോലിയിൽ വ്യാപൃതരായിരുന്നു. ഇക്കാര്യങ്ങൾ കാണുമ്പോൾ അന്യരിൽ വലിയ സ്വാധീനമാണ് അതുണ്ടാക്കുന്നത്. ആദ്യമായി ഈ ജൽസയിൽ പങ്കെടുക്കുന്ന അഹ് മദികളുടെ ഈമാനിലും ഈ അന്തരീക്ഷം അങ്ങേയറ്റം അഭിവൃദ്ധിക്ക് കാരണമായിത്തീരുന്നു. എന്നല്ല എപ്പോഴും പങ്കെടുക്കുന്നവരും പുതിയ നിലയിൽ ഊർജം സംഭരിക്കുന്നു. തങ്ങളുടെ ഈമാനിലും ദൃഢജ്ഞാനത്തിലും അഭിവൃദ്ധിയും വർധനവും പ്രാപിച്ച് ഇവിടെനിന്ന് പോകുന്നു. ചിലർ സദുദ്ദേശ്യത്തോടെയും ചിലർ തങ്ങളുടെ ശീലംകൊണ്ടും തങ്ങൾ ന്യൂനതകൾ നോക്കി നടക്കുമെന്ന് പറയാറുണ്ട്. അത്തരം നിരൂപകരും പറഞ്ഞത് ഇപ്രാവശ്യം പ്രവർത്തകരുടെ സൽപെരുമാറ്റത്തിന്റെ നിലവാരം മുമ്പത്തെക്കാൾ മികച്ചതായിരുന്നുവെന്നാണ്. ജൽസയിൽ പങ്കെടുത്ത അതിഥികളുടെയും പ്രതകരണങ്ങൾ സമർപിക്കുകയാണ്.

ഇപ്രാവശ്യം സ്കാൻങ്കോ കൻശാസായുടെ ബന്ദോനദോ സംസ്ഥാന അസംബ്ലി സ്പീക്കർ ബോനീ ഫേയ്സ് ബോശേവ സാഹിബ് ആദ്യമായിട്ടാണ് ജൽസയിൽ പങ്കെടുത്തത്. മൂന്നു ദിവസവും ജൽസയുടെ മുഴുവൻ പരിപാടിയും ജൽസഗാഹിലിരുന്ന് അദ്ദേഹം കണ്ടു. നമസ്കാരം നടക്കുമ്പോഴും ജൽസാഗാഹിൽ തന്നെയിരുന്നു. ആഗോള ബയ്അത്തും അദ്ദേഹം കണ്ടു. അദ്ദേഹം പറയുന്നു: ‘ഇവിടെ എല്ലാവരും വർഷങ്ങളായിട്ട് പരിചയമുള്ളവരെപോലെയാണ് പെരുമാറുന്നത്. എല്ലാവരും സലാം പറയുന്നു. ഇതാണ് യഥാർഥ സ്നേഹം. ഇതാണ് യഥാർഥ മതവും ദീനും.’ അദ്ദേഹം പറയുന്നു: ‘ഒരിക്കൽ ഞങ്ങൾക്ക് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു പരിപാടി സംഘടിപ്പിക്കണമായിരുന്നു. അതിൽ ആദ്യദിവസം തന്നെ കെടുകാര്യസ്ഥത കാരണത്താൽ 26 ആളുകൾ മരിച്ചു. അങ്ങനെ പരിപാടി ക്യാൻസൽ ചെയ്യേണ്ടിവന്നു. എന്നാൽ, ഞാൻ അത്ഭുതപ്പെടുകയാണ്. ജൽസയിൽ ആയിരക്കണക്കിന് ആളുകളുടെ ജനക്കൂട്ടത്തിൽ ചെറിയൊരു പ്രശ്നംപോലും ഉണ്ടായില്ല. തിക്കും തിരക്കും വഴക്കും ഉണ്ടായില്ല. ആരെങ്കിലും മരിക്കുക എന്നത് വിദൂരമായ കാര്യമാണ്, ആരും ഉച്ചത്തിൽ സംസാരിക്കുന്നതുപോലും കേട്ടില്ല.’ ചെറിയ കുട്ടികൾ ഡ്യൂട്ടികൾ കൊടുക്കുന്നത് കണ്ടിട്ട് അദ്ദേഹം വലിയ വികാരനിർഭരനായി. അദ്ദേഹം പറയുന്നു: ‘ഈ ചെറിയ മക്കൾ വെള്ളമോ മറ്റെന്തെങ്കിലും ഭക്ഷണ സാധനമോ സന്തോഷത്തോടും സ്നേഹത്തോടുംകൂടി നല്കുമ്പോൾ ആവശ്യമില്ലെങ്കിൽതന്നെയും അത് നിഷേധിക്കാൻ മനസ്സു വരുമായിരുന്നില്ല..........

ബെനിന്റെ (Benin) ആഭ്യന്തര വകുപ്പ് മന്ത്രി ഫ്രാൻസ് തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ‘ജൽസയുടെ ഒരുക്കങ്ങളെ ശ്ലാഘിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. വളരെ മനോഹരവും സുസംഘടിതവുമായ ജൽസയായിരുന്നു. ഞാൻ ജമാഅത്തിന്റെ ആളുകളിൽ സേവനസന്നദ്ധരെന്ന നിലയിൽ മറ്റുള്ളവരെ സേവിക്കുന്നതിന്റെ അസാധാരണമായ ആവേശം കണ്ടു. ഈ ആവേശം അഹ്മദിയുടെ ആത്മാവിന്റെ ഭക്ഷണമായിത്തീർന്നിരിക്കുന്നു. ഇക്കാരണത്താലാണ് ഇന്ന് അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിയുടെ വഴിയിൽ ചുവടു വെക്കുന്നത്.’ അദ്ദേഹം പറഞ്ഞു: ‘കുട്ടികളേയും വലിയവരേയും എത്രത്തോളമെന്നാൽ വൃദ്ധരേയും കണ്ടു. അവർക്കൊന്നും തങ്ങൾക്ക് കുടിക്കണമെന്നോ ഭക്ഷണം കഴിക്കണമെന്നോ ഉള്ള ചിന്ത ഉണ്ടായിരുന്നില്ല. അവർക്ക് എന്തെങ്കിലും ചിന്ത ഉണ്ടായിരുന്നെങ്കിൽ തങ്ങളുടെ ജൽസ വിജയിക്കണമെന്ന ഒരേയൊരു ചിന്തയായിരുന്നു. തങ്ങളുടെ ലക്ഷ്യം നേടുന്നതിനായി ഇത്രമാത്രം അധ്വാനിക്കുന്ന ആളുകൾ ഒരിടത്തും ഞാൻ കണ്ടിട്ടില്ല.’ അദ്ദേഹം പറയുന്നു: ‘ഞാൻ ലോകം കണ്ടിട്ടുണ്ട്. അമേരിക്ക പോലുള്ള സൂപ്പർ പവറിന്റെ ഒരുക്കങ്ങളും കണ്ടിട്ടുണ്ട്. എന്നാൽ, വലിയ വലിയ ശക്തികൾപോലും ഈ രീതിയിലുള്ള സുസംഘടിതവും സമാധാന നിർഭരവുമായ ഏർപാടുകൾ ചെയ്തിട്ടുള്ളത് കണ്ടിട്ടില്ല. ഇവിടെ കൊച്ചുകുട്ടികൾപോലും സേവനസന്നദ്ധതയോടെ ഡ്യൂട്ടികൾ നല്കുന്നു. അവർക്കു കിട്ടുന്ന നിർദേശങ്ങൾ വളരെ താൽപര്യത്തോടെ പാലിക്കുന്നു.’

വീണ്ടും അദ്ദേഹം പറയുന്നു: ‘ജമാഅത്തിന് ഒരു ഖലീഫ കിട്ടിയിരിക്കുന്നു എന്നതാണ് ജമാഅത്തിന്റെ ആഗോള ശക്തിയുടെ രഹസ്യം. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി പ്രവർത്തി

ച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ഞാൻ പരസ്യമായി പ്രഖ്യാപിക്കുകയാണ്. ഇന്ന് ഭൂമിയിൽ സാഹോദര്യത്തിന്റെ അധ്യാപനം നല്കുന്നവരും ക്ഷമ ഉപദേശിക്കുന്നവരും സമാധാന സ്ഥാപനത്തിന്റെ ധ്വജവാഹകരും അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.'

ഉഗാണ്ടയിലെ ഡിഫൻസ് മിനിസ്റ്റർ ഡോക്ടർ കസ്പസ് ചിയോംഗ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ജൽസയുടെ അവസ്ഥാദൃശ്യം വിവരണാതീതമാണ്. തുടർച്ചയായി രണ്ടു ദിവസം ജൽസയുടെ പരിപാടികൾ കണ്ടു. എക്സിബിഷനും കണ്ടു.' അദ്ദേഹവുമായി കൂടിക്കാഴ്ചയും നടന്നിരുന്നു. എല്ലാം കണ്ടതിനുശേഷം പറഞ്ഞു: 'ഇത്രമാത്രം അച്ചടക്കം ആർമിക്കു മാത്രമേ ഉണ്ടാക്കാൻ കഴിയുകയുള്ളു.' നിങ്ങളുടെ ആർമിക്കും ചെയ്യാൻ കഴിയുകയില്ലെന്ന് അദ്ദേഹത്തോടു ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു: 'ശരിയായ കാര്യമാണ് പറഞ്ഞത്, ഇതിൽ ഒരു സംശയവുമില്ല. ഇത്തരത്തിലുള്ള അച്ചടക്കം ലോകത്തിലെ ഒരു ആർമിക്കും ഉണ്ടാക്കാൻ കഴിയുകയില്ല.'...............

നൈജീരിയ (Nigeria)ായിൽ നിന്നു വന്ന സംഘത്തിൽ ഒരു ടെലിവിഷന്റെ ഡയറക്ടറായ ഇസ്ഹാഖ് സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ' ജൽസയുടെ എല്ലാ ഏർപാടുകളും ഇന്റർനാഷണൽ സ്റ്റാന്റേർഡിന്റെ നിലവാരം പുലർത്തുന്നതായിരുന്നു. എയർപോർട്ടിൽനിന്ന് റിസീവ് ചെയ്യുന്നതു മുതൽ ജൽസയുടെ അവസാനംവരെ എല്ലാ വിധത്തിലും എല്ലാ ഏർപാടുകളും നല്ലതായിരുന്നു. ജൽസയിലെ പ്രഭാഷണങ്ങൾ വളരെ മികച്ചതായിരുന്നു. ഞാൻ ആദ്യമായിട്ടാണ് ആഗോള ബയ്അത്തിന്റെ ദൃശ്യം കണ്ടത്. വികാര നിർഭരമായ ദൃശ്യമായിരുന്നു അത്. ഈ ദൃശ്യം എന്റെ മനസ്സിൽ അഗാധമായ സ്വാധീനം ചെലുത്തി. ജൽസയുടെ മീറ്റിംഗുകളിൽ ഖലീഫത്തുൽ മസീഹ് സന്നിഹിതനായിരുന്നപ്പോഴുള്ള ദൃശ്യം ചൈതന്യവത്തും വികാരനിർഭരവുമായിരുന്നു. എത്രത്തോളമെന്നാൽ എനിക്ക് എന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എങ്ങനെയാണ് ആയിരക്കണക്കിനാളുകൾ തങ്ങളുടെ ഇമാമിന്റെ മുമ്പിൽ നമ്രശിരസ്കരായി ഇരിക്കുന്നതോർത്ത് എന്റെ കണ്ണിലൂടെ കണ്ണീരൊഴുകാൻ തുടങ്ങി. അത്തരം ദൃശ്യം എന്റെ ജീവിതത്തിൽ ഞാനൊരിക്കലും കണ്ടിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിലെ സഹോദരങ്ങൾ ഈ ജൽസയുടെ അവസരത്തിലും പിന്നീടും നല്കിയ സ്നേഹത്തേയും സന്തോഷത്തേയും കുറിച്ച് തിരിച്ചു നാട്ടിലെത്തിയാൽ മുസ്ലിം ഉമ്മത്ത് മുഴുവനും ഈ ഉന്നതമായ മാതൃക സ്വായത്തമാക്കണമെന്ന് ഞാൻ പറയുന്നതാണ്.

നൈജീരിയ (Nigeria)ായിൽനിന്ന് നാഷണൽ മിറർ പത്രത്തിന്റെ അസിസ്റ്റൻഡ് എഡിറ്റർ സക്കീന സവാൽ സാഹിബ വന്നിരുന്നു. അവർ പറയുന്നു: 'ജമാഅത്തിലെ ഓരോ വ്യക്തിയും പരസ്പരം സ്നേഹത്തോടെയും പ്രേമത്തോടെയും ബന്ധം പുലർത്തുന്നവരാണെന്ന് ജൽസയിൽ പങ്കെടുത്തപ്പോൾ എനിക്കു മനസ്സിലായി. ഓരോരുത്തരും ചിരിച്ചുകൊണ്ട് കണ്ടുമുട്ടുന്നു. എപ്പോഴും പരസ്പരം സഹായിക്കാൻ സന്നദ്ധരായിരിക്കുന്നു. ജേർണലിസ്റ്റ് എന്ന നിലയിൽ ഞാൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് 18 വർഷമായി. എല്ലാ മുസ്ലിം സംഘടനകളിലുംവെച്ച് അഹ്മദിയ്യാ ജമാഅത്താണ് ഇസ്ലാമിക കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും മറ്റു മുസ്ലീംകൾക്ക് മാതൃകയുമായിട്ടുള്ള ഏക ജമാഅത്തെന്ന് ഞാൻ പരസ്യമായി പറയുകയാണ്.ഇതു പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ജൽസാ സാലാനയുടെ ഒരുക്കങ്ങൾ എല്ലാ പ്രകാരത്തിലും എല്ലാ അടിസ്ഥാനത്തിലും പൂർണമായിരുന്നു.'.................

ബൽജിയത്തിലെ ഒരു പട്ടണമായ കസ്തൗർലിയുടെ മേയർ അദ്ദേഹം ഫലീമിഷ് പാർലമെന്റംഗവുമാണ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. ആളുകൾ എങ്ങനെ ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടു. ആളുകളുടെ പരസ്പരമുള്ള സ്നേഹവും പ്രേമവും എന്നെ ഹഠാദാകർഷിച്ചു. ഞാൻ ജമാഅത്തിലെ ആളുകളെ തദ്ദേശ തലത്തിൽ മാത്രമാണ് കണ്ടിട്ടുള്ളത്. ഇപ്പോൾ ജൽസയിൽ പങ്കെടുത്തുകൊണ്ട് ആഗോളതലത്തിലും ജമാഅത്തിലെ ആളുകളെ കണ്ടിരിക്കുന്നു. ജമാഅത്ത് പറയുന്നകാര്യം പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് ദർശിക്കുകയും ചെയ്തു. ജമാഅത്തിന്റെ ഉന്നത നിലയിലുള്ള ഒരുക്കങ്ങളും മറ്റെങ്ങും കാണാൻ സാധ്യമല്ല....

ബൽജിയത്തിലെ ട്രൻഹാർട്ട് നഗരത്തിന്റെ മേയറും കൗൺസിലറും ജൽസയിൽ പങ്കെടുത്തിരുന്നു. പറയുന്നു: ഇസ്ലാമിനെക്കുറിച്ച് എന്തൊന്ന് ഞങ്ങൾ മാധ്യമങ്ങളിൽ കേട്ടിരുന്നുവോ ജൽസയിൽ പങ്കെടുത്തപ്പോൾ തികച്ചും അതിന് വിപരീതമാണ് കണ്ടത്. ഇസ്ലാമിനെക്കുറിച്ച് താങ്കൾ അവതരിപ്പിച്ച ചിത്രമാണ് യഥാർഥ ഇസ്ലാം. ഇസ്ലാമികാധ്യാപനം വളരെ പ്രിയപ്പെട്ടതാണ്.' പറയുന്നു: 'മനുഷ്യകുലത്തെ മുഴുവൻ ഒരു കൊടിക്കീഴിൽ അണിനിരത്താൻ ആഗ്രഹിക്കുന്ന ഇസ്ലാമിന്റെ യഥാർഥ അധ്യാപനം വിവരിച്ചുകൊണ്ട് താങ്കൾ തീർച്ചയായും വളരെ വലിയ നന്മയാണ് ചെയ്യുന്നത്. ജമാഅത്ത് എന്റെ നഗരത്തിൽ മനുഷ്യകുലത്തെ സേവിക്കുന്നതിൽ മുഴുകിയിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, ജൽസയിൽ പങ്കെടുത്തപ്പോൾ അഹ്മദിയ്യാ ജമാഅത്ത് മുഴുലോകത്തും മനുഷ്യകുലത്തിനു സേവനം ചെയ്യുന്നതിൽ മുഴുകിയിരിക്കുകയാണെന്ന് എനിക്ക് മനസ്സിലായി................

ബൽജിയം നഗരത്തിന്റെ വൈസ് മേയറുടെ ഭാര്യ പറയുന്നു: "ഞാൻ വനിതകളുടെ ജൽസാഗാഹിൽ പോയി. അവിടെ എനിക്കു ലഭിച്ച സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും മാതൃക എന്റെ ജീവിതത്തിലൊരിക്കലും ഞാൻ കണ്ടിട്ടില്ല. ഖലീഫത്തുൽ മസീഹ് വനിതകളുടെ ജൽസാ ഗാഹിൽ എത്തിയപ്പോൾ ഒരു അത്ഭുത അന്തരീക്ഷമായിരുന്നു അവിടെ. സ്ത്രീകൾ ഇത്രമാത്രം അധികമായിരുന്നിട്ടും എല്ലായിടത്തും നിശബ്ദതയായിരുന്നു. പിന്നീട് ഖലീഫത്തുൽ മസീഹ് പ്രസംഗം തുടങ്ങിയപ്പോൾ ആയിരക്കണക്കിന് തടിച്ചുകൂടിയിരുന്ന സ്ത്രീകൾ തികഞ്ഞ നിശബ്ദതയോടെ പ്രസംഗം ശ്രവിച്ചു. സ്ത്രീകളെ സംബന്ധിച്ച് ഇസ്ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ ചോദ്യങ്ങൾക്കും ഖലീഫത്തുൽ മസീഹിന്റെ പ്രസംഗത്തിൽനിന്ന് എനിക്ക് മറുപടി ലഭിച്ചു. ജൽസാ ഗാഹിലും പോയി.' പിന്നീട് പറയുന്നു: 'ഞാൻ തുടക്കത്തിൽ വനിതക

ളുടെ ജൽസാഗാഹിൽ പോയപ്പോൾ എനിക്കൊരു പേടി പോലെ തോന്നിയിരുന്നു. പക്ഷേ, ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം തുടങ്ങിയപ്പോൾ എന്റെ ഭയം അകന്നു'................

മാൾട്ടയിൽനിന്ന് ഒരു പത്രപ്രവർത്തകൻ ഐവാൻ ബാതൂലു സാഹിബ് വന്നിരുന്നു. ടി.വി യിൽ ഒരു പ്രോഗ്രാമിന്റെ അവതാരകൻകൂടിയാണ് അദ്ദേഹം. മൂന്നു വർഷമായിട്ട് അദ്ദേഹത്തിന് ജമാഅത്തുമായിട്ട് ബന്ധമുണ്ട്. അദ്ദേഹം ഞാനുമായിട്ട് അഭിമുഖവും നടത്തിയിരുന്നു. അദ്ദേഹം പറയുന്നു: '125 വർഷംകൊണ്ട് ജമാഅത്ത് 206 രാഷ്ട്രങ്ങളിൽ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു എന്ന കാര്യം എന്നെ സംബന്ധിച്ചിടത്തോളം വ്യക്തമായി കഴിഞ്ഞിരിക്കുന്നു. ദൈവിക സഹായമില്ലാതെ നടക്കുന്ന കാര്യമല്ല ഇത്.' വീണ്ടും പറയുന്നു: 'ജൽസയിലെ ഓരോ കാര്യവും സുസംഘടിതവും കൃത്യവുമായ ഒരു ക്രമമനുസരിച്ചാണ് നടന്നിരുന്നത്. എവിടെയാണോ വ്യവസ്ഥിതിയും ക്രമീകരണവും ഉള്ളത് അവിടെ ദൈവവും ഉണ്ടാകുന്നു.' ഇദ്ദേഹം ക്രിസ്ത്യാനിയാണ്. ക്രൈസ്തവരുടെ പ്രതികരണങ്ങളാണ്. അദ്ദേഹം എന്റെ ഇന്റർവ്യൂ എടുത്തു. അതിനു ശേഷം 'തന്റെ നാട്ടിൽ തിരിച്ചെത്തിയാൽ ജമാഅത്തിനെക്കുറിച്ച് ഒരു മണിക്കൂർ നീണ്ടു നില്ക്കുന്ന ഡോക്യുമെന്ററി നിർമിക്കുമെന്നും അദ്ദേഹം പറഞ്ഞു...............

ഇപ്രാവശ്യം പത്രപ്രവർത്തകരും ധാരാളമായിട്ട് വന്നിരുന്നു. ഇവിടെനിന്നും വിദേശ രാജ്യങ്ങളിൽനിന്നും വന്നിരുന്നു. ഒരു ഹിന്ദു പത്രപ്രവർത്തക പറഞ്ഞു: 'മുസ്‌ലീംകളുടെ ഫംഗ്ഷനിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് എന്റെ അമ്മ എന്നെ വിലക്കിയിരുന്നു. മുസ്‌ലീംകൾ ഭയങ്കരന്മാരാണെന്നും നിന്നെ വകവരുത്തിക്കളയുമെന്നും പിന്നീട് എവിടെപോയെന്നുള്ള ഒരു വിവരവും ഉണ്ടാകുകയില്ലെന്നും പറഞ്ഞു. പക്ഷേ, ഞാൻ എന്റെ അമ്മയുടെ വാക്ക് കേട്ടില്ല. ഇപ്പോൾ എനിക്ക് ഇവിടെ ഉണ്ടായ അനുഭവം, അതായത് 'അഹ്മദികൾ നമ്മളെക്കാൾ കൂടുതൽ സമാധാനപ്രിയരാണെന്നും അവർ പറയുന്ന കാര്യങ്ങൾ മനോഹരമാണെന്നും അവരുടെ അധ്യാപനം ഹൃദയസ്പൃക്കാണെന്നും നിങ്ങളും പോയി കാണേണ്ടതാണോന്നും' ഞാൻ എന്റെ അമ്മയോടു പോയി പറയുന്നതാണ്." പറയുന്നു: 'നന്ദിയുണ്ട്. ജൽസ എനിക്ക് നഷ്ട മായില്ല.'

ഇപ്രാവശ്യം ജമാഅത്ത് സ്ഥാപിതമായ രാജ്യമാണ് **ബെലിസ്** (Belize). അവിടത്തെ ഒരു പത്ര പ്രവർത്തക മർയം അബ്ദുൽ സാഹിബ വന്നിരുന്നു. ഇവർ ബെലിസിലെ ക്രൈം ടി വി യുടെ പ്രസിദ്ധ ആങ്കറുമാണ്. അവർ ജൽസയിൽ പങ്കെടുത്തതിനെ സംബന്ധിച്ച് തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാനയിൽ പങ്കെടുത്തുകൊണ്ടുള്ള എന്റെ അനുഭവം പ്രതീക്ഷിച്ചതിനെക്കാളേറെ സന്തോഷഭരിതമായിരുന്നു. ഡ്യൂട്ടിയിലുണ്ടായിരുന്ന എല്ലാവരും വളരെ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി പെരുമാറി.' വീണ്ടും പറയുന്നു: 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന ജമാഅത്തിന്റെ മോട്ടോ വളരെ നല്ല സ്വാധീനം ചെലുത്തുകയുണ്ടായി. ഞാൻ ഈ മോട്ടോയിൽ ഒരുപാട് ചിന്തിച്ചു. കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ എനിക്ക് എല്ലാ ഭാഗത്തും സ്നേഹമൊന്നു മാത്രമാണ് കാണാൻ കഴിഞ്ഞത്. ഈ ജമാഅത്ത് എനിക്ക് ഒരുപാടൊരുപാട് തന്നിരിക്കുന്നു. ഞാൻ അതിന് നന്ദിയുള്ളവളാണ്. എപ്പോഴും ഞാൻ ഇത് ഓർമവെക്കുന്നതാണ്...........'

സിയാറലിയോൺ (Sierra Leone) ൽ നിന്ന് വന്ന സംഘത്തിൽ സിയറ ലിയോൺ ഇന്റർ റിലീജിയൻസ് കൗൺസിലിന്റെ ജനറൽ സെക്രട്ടറി ഡാക്ടർ ഉസ്മാൻ ഫോണാ സാഹിബും ഉണ്ടായിരുന്നു. പിന്നീട് ഒരു പ്രൊഫസർ കരീം സാഹിബ് സയൻസ് വകുപ്പിന്റെ മേധാവിയാണ്. സിയറലിയോൺ മുസ്‌ലിം കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിയാണ്. തലസ്ഥാന നഗരിയായ ഫ്രീടൗണിലെ റോളിംഗ് പാർട്ടിയുടെ ചെയർമാനാണ് ഏമ്പോ ബങ്കോറാ സാഹിബ്. ഈ ബങ്കോറാ സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്തും ചെയ്തു. ഇദ്ദേഹം പറയുന്നു: കൂടിക്കാഴ്ചാ വേളയിൽ അദ്ദേഹം പറഞ്ഞു: 'ജൽസ സാലാനയുടെ പരിപാടി സിയറ ലിയോൺ ടി.വി തൽസമയ സംപ്രേഷണം ചെയ്തു. സിയറ ലിയോൺ പ്രസിഡന്റും ജൽസ പരിപാടികൾ കാണുകയുണ്ടായി. ടോമികോലോം സാഹിബ് പ്രസംഗം അവസാനിപ്പിച്ചപ്പോൾ സിയറലിയോൺ പ്രസിഡന്റ് ജൽസാഗാഹിലുള്ള തന്റെ സംഘത്തിലെ അംഗങ്ങൾക്ക് ഫോൺചെയ്ത് ആശംസകൾ നേർന്നു.'

ഈ വർഷം ട്രെനിഡാഡിലേയും ടോബാഗോക്കെയിലേയും മിനിസ്റ്റർ ഓഫ് ലീഗൽ അഫ്യേർസ് മിനിസ്റ്റർ മിസ്റ്റർ പ്രകാശ് രമാദാറും ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറയുന്നു: 'കമ്മ്യൂണിറ്റിയിലെ അംഗങ്ങൾക്ക് ഖലീഫത്തുൽ മസീഹിനോടുള്ള സ്നേഹം മനുഷ്യന് അവന്റെ വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. ജൽസയുടെ കാര്യം പറയുകയാണെങ്കിൽ എല്ലാ കാര്യങ്ങളും ഉഗ്രമായിരുന്നു. ഈ ജമാഅത്ത് ഏതെങ്കിലും മനുഷ്യനാൽ ഉണ്ടാക്കപ്പെട്ട ജമാഅത്തല്ല, ഇതിന്റെ പിന്നിൽ അല്ലാഹുവിന്റെ കൈയാണ് എന്ന യാഥാർഥ്യത്തിന് സാക്ഷിയാണ് അവിടെ സേവനം ചെയ്തുകൊണ്ടിരുന്നവരുടെ ആത്മാർഥതയും വികാരവും.' അദ്ദേഹം പറയുന്നു: 'ഉള്ളിൽ ഒരു ഇളക്കം സംഭവിച്ചിരിക്കുന്നു. അല്ലാഹു തആലാ എനിക്ക് വിശ്വസ്തതയോടും വിനയത്തോടും ആത്മാർഥതയോടുംകൂടി ജീവിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി ദുആ ചെയ്താലും..................'

മെക്സിക്കോയിൽനിന്നുള്ള ഒരു സ്ത്രീ, ഗിയാന ലോപേസ് റേഖൂൻ പറയുന്നു: 'എന്നെ ഈ ജൽസ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. എനിക്ക് എന്റെ ജീവിതത്തിന്റെ യാഥാർഥ്യം വെളിപ്പെട്ടുവെന്നു മാത്രമല്ല മുസ്‌ലിം ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയുടെ കാരണങ്ങളും അറിയാൻ കഴിഞ്ഞു. വലിയ ഐക്യത്തിൽ കഴിയുന്നവരും വിവിധ രാജ്യങ്ങളിൽ സെന്ററുകളുള്ളവരുമായ ഒരു കമ്മ്യൂണിറ്റിയെക്കുറിച്ച് ഇതിനു മുമ്പേ എനിക്ക് അറിയാൻ കഴിഞ്ഞിരുന്നു. പക്ഷേ, ഇപ്പോൾ ജൽസയിൽ പങ്കെടുത്തുകൊണ്ട്, തീർച്ചയായും അവർ അഹ്മദിയ്യാ ജമാഅത്തിനെപ്പോലെ ഐക്യമുള്ളവരല്ലെന്നും അഹ്മദിയ്യാ ജമാഅത്തിനെപ്പോലെ ആ കമ്മ്യൂണിറ്റി ലോകം മുഴുവൻ വ്യാപിച്ചിട്ടുള്ളവരല്ലെന്നും എനിക്ക് ബോധ്യമായി. ആദ്യം ഞാൻ മനസ്സിലാക്കിയിരുന്നത് ഞാൻ ഉൾക്കൊള്ളുന്ന കക്ഷിയാണ് ശരിയായിട്ടുള്ളത് എന്നായിരുന്നു. പക്ഷേ, ജൽസസാലാനയിലെ പ്രസംഗങ്ങൾ മുഖേന, ഇവിടെ നബി(സ) തിരുമേനിയുടെ ജീവിത മാതൃക അനുസരിച്ച് പ്രവർത്തനം

നടക്കുന്നുവെന്ന് എനിക്കു മനസ്സിലായി. ഞാൻ ദുആ ചെയ്യുന്നു: അല്ലാഹുവേ! എന്നെ ഏറ്റവും നല്ല ആളുകളിൽ ഉൾപ്പെടുത്തിയാലും. സത്യമായ ഖിലാഫത്ത് മുഖേന എനിക്ക് മാർഗദർശനം നല്കിയാലും. എന്റെ കഴിവുകൾ ഇസ്‌ലാമിന്റെ പ്രബോധനത്തിനായി ഉപയോഗിക്കാൻ എനിക്ക് തൗഫീഖ് തന്നാലും. ആവശ്യക്കാർക്ക് എന്നെ പ്രയോജനപ്പെടുത്തിയാലും. എന്റെ ദുആ അല്ലാഹു സ്വീകരിച്ചുവെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ പങ്കാളിയാകാൻ അല്ലാഹു എനിക്ക് തൗഫീഖ് നല്കിയിരിക്കുന്നു.

**ബെലിസ്** (Belize)ൽനിന്നുള്ള ഒരു നവഅഹ്മദിയാണ് ഐവൻ വാറൻ. ഇസ്‌ലാമികമായ അവരുടെ പേര് ഹംസ റശീദ് എന്നാണ്. അവർ പറയുന്നു: "ഈ മൂന്നു ദിവസങ്ങളിൽ എനിക്ക് ജമാഅത്തിന്റെ വ്യാപനത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. ഈ ജൽസയുടെ ഏർപാടും ക്രമീകരണവും ഒരു മാസ്മരികാവസ്ഥ ഉൾക്കൊള്ളുന്നുണ്ട്. ഞാൻ ഈ ജൽസയിൽ എൺപതിലേറെ രാജ്യങ്ങളിൽനിന്ന് വന്ന വിവിധ ജനവിഭാഗങ്ങളെ കണ്ടു. അവരിൽ ദരിദ്രരും സമ്പന്നരും ഉണ്ടായിരുന്നു. രാഷ്ട്രീയക്കാരുമുണ്ടായിരുന്നു. ഭരണാകർത്താക്കളുമുണ്ടായിരുന്നു. ഈ ജൽസയുടെ വിജയത്തിനായി അസംഖ്യം സന്നദ്ധ സേവകർ പ്രർത്തിച്ചു. ആതിഥ്യം ഉന്നതനിലവാരത്തിലുള്ളതായിരുന്നു.'

മാർഷൽ ഐലൻഡ്സ്(Marshall Islands) ലെ സദ്ർ ലജനയും നവ അഹ്മദിയാണ്. മേരി റേനിഥാ ജവാനീ. പറയുന്നു: 'اَلْحَمْدُ لِلّٰهِ ജൽസാ സാലാന എനിക്ക് ഒരു ഏറ്റവും വലിയ നിഅ്മത്തായിരുന്നു. ഞാൻ ഇവിടെ വന്നതുമുതൽ ഞാൻ എന്റെ സഹോദരന്മാരിലും സഹോദരിമാരിലും സ്നേഹവും അനുരക്തിയും പരസ്പരമുള്ള പ്രയാസങ്ങളുടെ ബോധവും കണ്ടു. മുമ്പേ പരിചയമുള്ളവരുമായി സംസാരിക്കുന്നതുപോലെയാണ് അവരുമായി സംസാരിക്കുമ്പോൾ തോന്നിയത്.' പറയുന്നു: 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന ജമാഅത്തിന്റെ മോട്ടോ പ്രകടമായത് ഞാൻ കണ്ടു.'

പിന്നീട് എന്റെ പ്രസംഗത്തെ കുറിച്ച് പറയുന്നു: 'അത്ഭുതകരമായൊരു ബോധമാണുണ്ടായത്. ആ വേളയിൽ ഓരോ വാക്കിലും എന്റെ കണ്ണിൽനിന്ന് കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. എന്റെ വികാരങ്ങൾ എനിക്ക് വിവരിക്കാൻ സാധിക്കുകയില്ല. ആഗോള ബയ്അത്തിന്റെ ദൃശ്യവും വളരെ മാസ്മരികവും ഒരു ആകർഷണം ഉൾക്കൊള്ളുന്നതുമായിരുന്നു.' പറയുന്നു: 'ജൽസയിൽ പങ്കെടുത്തതിനുശേഷം ആദ്യത്തെ അപേക്ഷിച്ച് കൂടുതൽ അല്ലാഹുവിനോട് അടുത്തിരിക്കുന്നു എന്നതിൽ സംശയമൊന്നുമില്ല.........

മെക്സിക്കോയിലെ നവഅഹ്മദി ബശീർ കോയാസോ സാഹിബ് പറയുന്നു:'ലോകത്തിലെ വിവിധരാജ്യങ്ങളുമായി ബന്ധപ്പെട്ട അംഗങ്ങൾ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും വികാരത്താൽ നിറഞ്ഞവരായിരുന്നു. അത് അതുല്യമായിരുന്നു. ജൽസയിലെ പ്രവർത്തകർ സേവനസന്നദ്ധരെന്ന നിലയിൽ അങ്ങേയറ്റം വികാരാസക്തിയോടെ അതിഥികളെ സേവിച്ചുകൊണ്ടിരുന്നു. അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് മാതൃകാപരമായ ഒരു ജമാഅത്താണ്. അത് യഥാർഥമായ ഇസ്‌ലാമിന്റെ ചിത്രം ലോകത്തിനുമുമ്പിൽ സമർപിക്കുന്നു.'

മെക്സിക്കോയിലെ നവ അഹ്മദി ഇമാം ഇബ്‌റാഹീം ചർച്ചിൽ സാഹിബ് -അദ്ദേഹം തന്റെ 70 അനുയായികളോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശിച്ച ആളാണ്-പറയുന്നു: 'ജൽസയുടെ ദിനങ്ങളിൽ എണ്ണമറ്റ ഫള്ലുകളും ബർക്കത്തുകളും ഇറങ്ങിക്കൊണ്ടിരിക്കുന്നതായി എന്റെ മനസ്സ് അനുഭവിച്ചറിഞ്ഞു. ഖിലാഫത്തിന്റെ തണലിൽ ലോകത്തിലെ വിവിധ വർണക്കാരും വംശക്കാരുമായ ജനവിഭാഗങ്ങൾ പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ലഹരിപിടിച്ചവരായിരുന്നു.' അദ്ദേഹം പറയുന്നു: 'കാലത്തിന്റെ ഖലീഫയുടെ പ്രസംഗം മുഖേന എന്റെ അറിവ് വർധിച്ചതോടൊപ്പം എനിക്ക് മനഃസമാധാനവും ലഭിച്ചു. ജൽസയിൽ പങ്കെടുത്ത ഓരോ വ്യക്തിയും തങ്ങളുടെ വർത്തമാനകാല നാവുകൊണ്ട് ഇസ്‌ലാം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും മതമാണെന്നും അത് എല്ലാ ജനതയ്ക്കും രാജ്യത്തിനും ആവശ്യമാണെന്നും സാക്ഷി പറയുകയായിരുന്നു..............'

ഫ്രഞ്ച് ഗിയാനയിൽനിന്ന് മിസ്റ്റർ ഡേവിയിയോ ആബ്ദോ എന്ന സ്നേഹിതൻ വന്നിരുന്നു. ഇദ്ദേഹം 2008ൽ ബയ്അത്ത് ചെയ്തതാണ്. അദ്ദേഹം ആദ്യമായിട്ടാണ് ജൽസയിൽ പങ്കെടുക്കുന്നത്. അദ്ദേഹം പറയുന്നു: 'ഞാൻ ജന്മനാ മുസൽമാനായിരുന്നു. ഫ്രഞ്ച് ഗിയാനയിൽ ഞാനാണ് ഏറ്റവുമാദ്യം ബയ്അത്ത് ചെയ്തത്. പക്ഷേ, ഇന്ന് ജൽസസാലാനയിൽ പങ്കെടുത്ത് യഥാർഥ ഇസ്‌ലാം എന്താണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. എനിക്ക് അഹ്മദിയ്യത്തിന്റെ യാഥാർഥ്യവും കാലത്തിന്റെ ഖലീഫയുടെ പ്രാധാന്യവും ഇപ്പോൾ മനസ്സിലായി.' അദ്ദേഹം പറയുന്നു: 'കാലത്തിന്റെ ഖലീഫ ജീവിക്കുന്നതിനുള്ള വഴികൾ പറഞ്ഞുതന്നു. ഓരോ വ്യക്തിയ്ക്കും ഈ വഴികളിലൂടെ നടന്ന് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ കഴിയും..............'

മാലിയിൽനിന്ന് ഡോക്ടർ കായിത്താമുല്ലാഹ് സാഹിബ് വന്നിരുന്നു. അദ്ദേഹം ജൽസയിൽ ബയ്അത്ത് ചെയ്തു. അദ്ദേഹം പറയുന്നു:'ജൽസാ വേളയിൽ എനിക്കുണ്ടായ അറിവുകൾ, അത് ജീവിതത്തിൽ ആദ്യമായിട്ടുണ്ടായതായിരുന്നു. ആദ്യമായിട്ടാണ് ഇവിടെ വരുന്നത്. ഇനി എപ്പോഴും ജൽസയിൽ വരണമെന്ന തീരുമാനത്തോടെയാണ് തിരിച്ചുപോകുന്നത്. ശത്രുക്കൾ തങ്ങളുടെ മുഴുവൻ ശ്രമം നടത്തിയാലും അവർക്ക് ഈ ജൽസയുടെ പത്തിലൊന്നുപോലും ഒരുക്കങ്ങൾ നടത്താൻ സാധിക്കുകയില്ല. എന്റെ അഭിപ്രായത്തിൽ ലോകത്തെ യുണൈറ്റഡ് നേഷൻസുപോലുള്ള വൻശക്തികൾക്കുപോലും ഈ രീതിയിൽ ഒരുക്കങ്ങൾ നടത്താൻ സാധിക്കുകയില്ല. അഹ്മദിയ്യാ ജമാഅത്ത് യഥാർഥവും സത്യവുമാണ്. ഇക്കാരണത്താൽ ഞാൻ മനസ്സിന്റെ ആഴങ്ങളിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചു................'

ഇപ്രാവശ്യം അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേന്ദ്രപ്രസ്സിന്റെ ടീമും യു.കെ പ്രസ്സ് ടീമുംനല്ലവണ്ണം പ്രവർത്തിച്ചിരുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നു. വളരെ നല്ല കവറേജുണ്ടായി. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകത്തെത്തി. മർക്കസി പ്രസ്സ് ടീം ബന്ധപ്പെട്ടതിന്റെ ഫലമായി മറ്റു രാജ്യങ്ങളിൽ നിന്നും പ്രസ്സിന്റേയും

മീഡിയയുടേയും ആളുകൾ വന്നിരുന്നു. അവരുടെ പ്രതികരണങ്ങളും വളരെ നല്ലതായിരുന്നു. അത് ഞാൻ പ്രതികരണങ്ങൾ വിശദീകരിച്ചപ്പോൾ പറഞ്ഞു കഴിഞ്ഞതാണ്. പ്രസ്സ് മുഖേന യു.കെ.യിൽ മാത്രം ഏകദേശം പതിമൂന്നു മില്യൻ ആളുകൾക്ക് സന്ദേശമെത്തുകയുണ്ടായി. ചിലർ ഇപ്പോൾ ആർട്ടിക്കിൾ എഴുതിക്കൊണ്ടിരിക്കുന്നു. ചിലർ വാർത്തകൾ കൊടുത്തുകൊണ്ടിരിക്കുന്നു. അതിനെക്കുറിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ലഭിച്ചിട്ടില്ല. കണക്കുകൂട്ടുന്നത് ഏകദേശം പന്ത്രണ്ട് പതിമൂന്നു മില്യൻ വിദേശികൾക്ക് ഇതുമുഖേന സന്ദേശമെത്തിയിട്ടുണ്ടെന്നാണ്. ഇസ്‌ലാമിന്റെ പരിചയപ്പെടുത്തലെത്തി. അധ്യാപനവുമെത്തി.

ഇപ്രകാരംതന്നെ ഒരു അഹ്മദിയുടെ കൂടെ മറ്റൊരു പത്രപ്രവർത്തകയുണ്ടായിരുന്നു. നമ്മുടെ ചുറ്റുപാടിൽ തല മറയ്ക്കേണ്ടത് നിർബന്ധമാണെന്ന് ആ സ്ത്രീയോട് പറയാൻ ഒരു അഹ്മദി ആ അഹ്മദിയോട് പറഞ്ഞു. അത്തരം പുരുഷന്മാരോട് ഞാൻ പറയുകയാണ്, 'ആദ്യം നിങ്ങൾ നിങ്ങളുടെ വീടുകൾ സംരക്ഷിക്കുക. ലോകത്തിന്റെ പരിഷ്കരണം اِنْ شَآءَاللّٰهُ സ്വയംതന്നെ നടന്നുകൊള്ളും. ഇത്തരം പ്രവർത്തികൾ കൊണ്ടാണ് മറ്റുള്ളവർക്ക് ഇസ്‌ലാമിനോട് വെറുപ്പുണ്ടാകുന്നത്...............

ഇപ്രകാരംതന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എം.ടി.എ യും ജൽസയുടെ പരിപാടികൾ നമ്മളിലും അന്യരിലും എത്തിക്കുകയുണ്ടായി. ഇതിൽ എം.ടി.എ വലിയ റോളാണ് നിറവേറ്റുന്നത്. ഈ വർഷവും എപ്പോഴുമെന്നപോലെ ഇതും അതിന്റെ കടമ നല്ലവണ്ണം നിർവഹിച്ചു. ഇതുമുഖേന ജൽസയുടെ പരിപാടികൾ കണ്ട അഹ്മദികൾ സന്തോഷവും നന്ദിയും പ്രകടിപ്പിച്ചതുപോലെ മറ്റുള്ളവരും ഇതു സംബന്ധിച്ച് നല്ല പ്രതികരണങ്ങൾ പ്രകടിപ്പിച്ചു. അന്യ ജമാഅത്തിൽപ്പെട്ട അറബികളും ഇപ്രാവശ്യം വളരെ നല്ല പ്രതികരണങ്ങൾ അയച്ചിട്ടുണ്ട്. എന്നല്ല അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമാണ് യഥാർഥ ഇസ്‌ലാമെന്നും ലോകത്തിന് ഇന്ന് അതാണ് ആവശ്യമെന്നും വരെ പറയുകയുണ്ടായി.' ചിലർ ഇങ്ങനേയും പറഞ്ഞു: "ഇതാണ് യഥാർഥ ഖിലാഫത്ത് വ്യവസ്ഥിതി. ഇതാണ് ഇന്ന് മുസ്‌ലിം സമുദായത്തിന് ആവശ്യം.'

ഈ വർഷം എം ടി എയുടെ ജൽസ പരിപാടി ദിവസവും കുറച്ചു മണിക്കൂറുകൾ മൂന്നു ദിവസങ്ങളിലും ഘാനയുടെ നാഷണൽ ടിവിയിലും സിയറ ലിയോൺ നാഷണൽ ടിവിയിലും നൈജീരിയായിലെ ഒരു പ്രൈവറ്റ് ടിവി ചാനലിലും സംപ്രേഷണം ചെയ്യുകയുണ്ടായി. അതിനും നല്ല ഫലമുണ്ടായി. ഈ പ്രദേശങ്ങളിലും രാജ്യങ്ങളിലും വളരെ നല്ല ഫീഡ്ബാക്കാണുള്ളത്. ഈ പരിപാടികൾ കണ്ടിട്ട് തങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിന്റേയും ഇസ്‌ലാമിന്റേയും യാഥാർഥ്യം മനസ്സിലായി എന്ന് അവർ പറയുന്നു. അതിന്റേയും ചില പ്രതികരണങ്ങളുണ്ട്. ഘാനയിൽ നിന്നുണ്ടായ ഒരു പ്രതികരണം ഇതാണ്. ഘാനയിലെ കമാസിയിൽനിന്ന് ഒരു അനഹ്മദി സ്നേഹിതൻ എഴുതുന്നു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഒരുപാട് കേട്ടിരുന്നു. പക്ഷേ, ഞാൻ ഘാന ടി വി യിൽ നിങ്ങളുടെ പരിപാടി കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. കാരണം ഞങ്ങളുടെ ലോക്കൽ ഇമാം, ജമാഅത്തിനെ കുറിച്ച് പറഞ്ഞതെല്ലാം കളവാണ്. ഇങ്ങനെ മനോഹരമായ നിലയിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അവതരിപ്പിക്കുന്നതും ഭീകരവാദത്തെ അപലപിക്കുന്നതുമായ ഒരു മുസ്‌ലിം കക്ഷിയെ ആദ്യമായിട്ടാണ് ഞാൻ കാണുന്നത്.'

റിപ്പോർട്ട് തയ്യാറാക്കുന്ന ഒരു അഹ്മദി സ്നേഹിതൻ എഴുതുന്നു: 'ഞാൻ ഘാന ടി വിയിൽ എന്റെ അനഹ്മദി സഹോദരിയോടൊപ്പം പരിപാടികൾ കാണുകയായിരുന്നു. ജൽസയുടെ പരിപാടി കണ്ടിട്ട് ആ അനഹ്മദി സഹോദരി അഹ്മദിയാകാൻ തീരുമാനിച്ചു.' പിന്നീട് ഇദ്ദേഹം പറയുന്നു: 'ആദ്യമായിട്ട് ഞാൻ ആഗോള ബയ്അത്തിന്റെ ലൈവ് കവറേജ് കണ്ടു.'

താൻ അഹ്മദിയായതിനെക്കുറിച്ച് ഒരു അഹ്മദി എഴുതി: 'അഹ്മദിയായതിൽ എനിക്ക് വലിയ അഭിമാനമുണ്ട്.' പറയുന്നു, ഞാൻ ചില ക്രൈസ്തവ സ്നേഹിതന്മാരോടൊപ്പം ഇരുന്ന് ഈ പരിപാടികൾ കാണുകയായിരുന്നു. ജമാഅത്തിന്റെ മഹത്തായ വിജയംകണ്ട് അവർ അന്ധാളിച്ചിരുന്നുപോയി............'

സിയറ ലിയോണിൽനിന്ന് ക്രൈസ്തവ സ്നേഹിതൻ ഫ്രാൻസ് ഫോർബി പറയുന്നു: "നിങ്ങളുടെ ജൽസ പരിപാടി ഇന്നു രാവിലെ എനിക്ക് വലിയ അനുഗ്രഹത്തിന് കാരണമായി. ജൽസയുടെ ലൈവ് സംപ്രേഷണം എന്നെ വളരെ അധികം ആകർഷിച്ചു.നിങ്ങൾക്കു നന്ദി.

പിന്നീട് സിയറ ലിയോണിൽനിന്ന് ഒരു അഹ്മദി സ്നേഹിതൻ അൽഹാജ് അലി ഉമാമെ സാഹിബ് പറയുന്നു: 'ഞാൻ എന്റെ അയൽവാസികളെ ജൽസ പരിപാടി കാണിക്കാൻ എന്റെ വീട്ടിലേക്ക് ക്ഷണിച്ചു. സിയറ ലിയോണിൽ മിക്ക ആളുകളും ജൽസയുടെ ലൈവ് പരിപാടികൾ കാണുന്നത് എനിക്കറിയാം.'

അബൂബക്കർ ഖോൺതെ പറയുന്നു: 'എത്ര മഹത്തായ ജൽസയായിരുന്നു ഇത്. അല്ലാഹു ഈ ജമാഅത്തിനെ മുഴു ലോകത്തും വ്യാപിപ്പിക്കുമാറാകട്ടെ. '

ഫ്രീ ടൗണിലെ ഒരു അനഹ്മദി സ്നേഹിതൻ പറയുന്നു: 'ഞാൻ ജൽസ പരിപാടികൾ കണ്ടു. അത് വളരെ നല്ലതായിരുന്നു.'

വേറൊരു സുഹൃത്തെഴുതി: 'ഞാൻ എന്റെ അനഹ്മദി സുഹൃത്തുക്കളോടൊപ്പം ഇരുന്ന് ജൽസ പരിപാടികൾ കണ്ടു. അവരെ അത് വളരെ ആകർഷിച്ചു.'

നൈജീരിയായിലെ ടെലിവിഷനും ഇപ്രാവശ്യം ഈ പരിപാടി കാണിച്ചിരുന്നു. ഈ ടി.വി. കാണുന്നവരുടേയും വളരെ വലിയൊരു Viewership ഉണ്ട്. മില്യൻകണക്കിനാളുകൾ ജൽസ പരിപാടി കാണുകയും കേൾക്കുകയും ചെയ്തുവെന്നാണ് അവർ കരുതുന്നത്.

ഈ മാധ്യമങ്ങൾക്കു പുറമെ -പ്രസ്സിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്-എം ടി എയുടെ ലൈവ് സ്ട്രീമിംഗ് മുഖേനയും അവസാന ദിവസം മൂന്നു ലക്ഷത്തി മുപ്പതിനായിരം ആളുകൾ ജൽസാ പരിപാടി കണ്ടു. മറ്റു ദിവസങ്ങളിലും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ആയിരക്കണക്കിന് ആളുകൾ കൂടുതൽ കാണുകയുണ്ടായി. എം ടി എ മുഖേന കാണുന്നത് ഇതിനു പുറമെയാണ്.

അങ്ങനെ ഈ പ്രതികരണങ്ങളും നിങ്ങൾ കേട്ടു. കവറേജിന്റെ അവസ്ഥയും നിങ്ങൾ കേട്ടു. പക്ഷേ, നമ്മൾ എപ്പോഴും ഓർമവെക്കേണ്ടതാണ്, ഇക്കാര്യങ്ങൾ നമ്മുടെ ചുവടുകൾ മുന്നോട്ടു കൊണ്ടുപോകുന്നതും ആവേശമുണ്ടാക്കുന്നതുമായിരിക്കണം. അല്ലാതെ ഇതിൽ സന്തോഷിച്ച്, ഒരുപാട് കരസ്ഥമാക്കി എന്നു കരുതി കുത്തിയിരുന്നാൽ പോര. അഭിവൃദ്ധിപ്പെടുന്ന സമൂഹം ഏറ്റവും നല്ലതിന്റെ അന്വേഷണത്തിലിരിക്കുന്നവരായിരിക്കും. ചില ബലഹീനതകൾ ഉണ്ടെന്ന് നമുക്കറിയാം. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുകയും വേണം. വളരെ വലിയ ഏർപാടുകൾ ചെയ്യുമ്പോൾ ബലഹീനതകൾ ഉണ്ടാകുക സ്വാഭാവികമാണ്. അത് പരിഹരിക്കാൻ പറ്റാത്ത കാര്യമൊന്നുമല്ല. പക്ഷേ, എന്തായാലും അത് ദൂരീകരിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. ഈ എല്ലാ ബലഹീനതകളും നോട്ട് ചെയ്ത് സംഘാടകർ അടുത്ത വർഷം ഇത് പരിഹരിക്കേണ്ടതാണ്. അവ ദൂരീകരിക്കേണ്ടതാണ്. ഈ ബലഹീനതകൾ വെറും പ്രവർത്തകരിൽനിന്ന് മാത്രം ഉണ്ടാകുന്നതല്ല. പ്രത്യുത ജൽസയിൽ പങ്കെടുക്കുന്ന ചില പിടിവാശിക്കാരും ഇത്തരം അവസ്ഥകൾ ഉണ്ടാക്കാറുണ്ട്. അതുകൊണ്ട് അതിനും മുൻകരുതലുകൾ ഉണ്ടാകേണ്ടതാണ്. അവരും മാറ്റം ഉണ്ടാക്കി വരേണ്ടതാണ്.

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് സ്ത്രീകളിൽനിന്നുണ്ടായ ഒരു കാര്യം എന്റെ ചെവിയിലുമെത്തി. സ്ത്രീകളുടെ മെയ്ൻ പന്തലിൽ ഒരു സ്ത്രീ കുട്ടിയേയും എടുത്തുകൊണ്ട് ഇരിപ്പുണ്ടായിരുന്നു. കുട്ടികൾക്ക് ഇരിക്കാനുള്ള സ്ഥലമല്ല ഇതെന്ന് ഒരു പ്രവർത്തക അവരോട് പറഞ്ഞു. അവർ പറഞ്ഞു: ‘ശരി. എനിക്കറിയില്ലായിരുന്നു. ഞാൻ പോകുകയാണ്.’ പിന്നീട് പ്രവർത്തകക്ക് മനസ്സിലായി ആ സ്ത്രീ അഹ്മദി അല്ലെന്ന്. അവർപോയി അവരോട് ഖേദം പ്രകടിപ്പിച്ചു. ‘നിങ്ങളുടെ കുട്ടി ബഹളമുണ്ടാക്കുകയില്ലെങ്കിൽ അവിടെത്തന്നെ ഇരുന്നുകൊള്ളുക’എന്നു പറഞ്ഞു. പക്ഷേ, അടുത്തിരുന്ന അഹ്മദി സ്ത്രീ അവരുമായി വഴക്കിടാൻ തുടങ്ങി. ഞങ്ങൾക്ക് ബുദ്ധിമുട്ടുകളൊന്നുമില്ലെങ്കിൽ നിനക്കെന്താ ബുദ്ധിമുട്ട് എന്നു ചോദിച്ചായി സംസാരം. നന്ദി പറയട്ടെ. പ്രവർത്തകക്ക് ബുദ്ധി ഉദിച്ചു. അവർ സംസാരം നിറുത്തി. മിണ്ടാതെ അവിടെനിന്നും പോയി. ആ സ്ത്രീ പിന്നീടു ചോദിക്കാൻ തുടങ്ങി: നിർബന്ധമായും ഇവിടെത്തന്നെ ഇരിക്കണമെന്നത് ഹദീസാണോ? ഇത്തരത്തിലുള്ള പിടിവാശിക്കാരായ സ്ത്രീകളുണ്ട്. പ്രത്യേകിച്ചും സ്ത്രീകളിൽ അധികമാണ്. ചിലപ്പോൾ പുരുഷന്മാർക്കും തങ്ങളുടെ ശൈലി മാറ്റേണ്ടതായി വരും.

നല്ല നല്ല സ്വാധീനം ജനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ അത് കാണുന്നു. എന്തായാലും ശുക്ർ ചെയ്യുന്നു. ഇപ്പറഞ്ഞകാര്യങ്ങൾ ഉണ്ടായപ്പോൾ അന്യരാരും അവിടെ ഉണ്ടായിരുന്നില്ല. അത് കാര്യമായി ആരും എടുത്തതുമില്ല.

ഇനി ഹദീസാണോ? എന്ന അവരുടെ ചോദ്യമാണ്. ആരിൽ നിന്നാണെങ്കിലും നിർദേശം കിട്ടിയാൽ പാലിക്കുക എന്നത് ഹദീസാണ്. ഖുർആനുമാണ്. അമീറിനെ അനുസരിക്കുക എന്നത് കല്പനയാണ്. എന്നല്ല, ഈത്തപ്പഴക്കുരുവിന്റെ അത്രതലയുള്ള ആളാണെങ്കിലും അമീറായി നിയമിക്കപ്പെട്ടാൽ അയാളെ അനുസരിക്കണമെന്നാണ് നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത്.

അതുകൊണ്ട് ചെറിയ ചെറിയ ഇത്തരം കാര്യങ്ങളിൽ ഹദീസാണോ അല്ലേ എന്ന് ചോദിച്ച് ധിക്കാരപരമായ പെരുമാറ്റം കാണിക്കാതിരിക്കുക. അനുസരിക്കുക എന്നത് ഹദീസാണ്. അത് അഹ്മദിയാണെന്ന് പറയുന്ന എല്ലാവരും പാലിക്കേണ്ടത് നിർബന്ധമാണ്. പക്ഷേ, സ്ത്രീകളും പുരുഷന്മാരുമായിട്ടുള്ള പ്രവർത്തകരെല്ലാവരും ഭാവിയിലേക്കുവേണ്ടി നോട്ടു ചെയ്തുകൊള്ളുക; ആരെങ്കിലും ഇത്തരം നിലപാട് കാണിക്കുകയാണെങ്കിൽ മേലധികാരിയെ അത് അറിയിക്കുക. അയാൾ അത്തരക്കാരുടെ സുപ്രധാന കാർഡ് ക്യാൻസൽ ചെയ്യുക. അവർക്ക് ജൽസയിൽ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരിക്കുകയില്ല. ഇത്തരം ധിക്കാരപരമായ പെരുമാറ്റമുള്ള ആളുകളെ അഹ്മദിയ്യാ ജമാഅത്തിന് ആവശ്യമില്ല.....

എന്തായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൊത്തത്തിൽ നോക്കിയാൽ ജൽസ വളരെ നല്ല നിലയിൽ കഴിഞ്ഞു. അതിഥികൾ നല്ല ഫലമെടുത്തു. ഞാൻ പറയുകയുണ്ടായി, പ്രസംഗകരുടെ പ്രസംഗങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ലതായിരുന്നു. അല്ലാഹു ഈ നല്ല സ്വാധീനഫലങ്ങൾ എന്നെന്നും നിലനിറുത്തുമാറാകട്ടെ. അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അതിഥികൾ എല്ലാ പ്രവർത്തകരോടും നന്ദി പറഞ്ഞതുപോലെ ഞാനും എല്ലാ പ്രവർത്തകർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ഈ സേവനം സ്വീകരിക്കുമാറാകട്ടെ. അവർക്ക് മുമ്പത്തെക്കാളേറെ ഇനിയും സേവനം ചെയ്യാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ. ഇതൊന്നും വെറും ബാഹ്യമായ സേവനം ആകാതിരിക്കട്ടെ. പ്രത്യുത ഇസ്‌ലാമികാധ്യാപനങ്ങളുടെ ആത്മാവും അതിലുണ്ടാകുമാറാകട്ടെ. ജൽസയിൽ പങ്കെടുത്ത എല്ലാവരേയും അവർക്കു സേവനം ചെയ്തവരേയും യഥാർഥബോധമുള്ളവരും സത്യസന്ധരുമായ അഹ്മദി ആക്കുമാറാകട്ടെ.

---

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 05.09.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Mohammad Ismaeel,Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To